FRIDAY 29-07-2022 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/07/2022.

1. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടമായി അട്ടപ്പാടി ചീരക്കടവിൽ നിർമിച്ച ചെറു ധാന്യ സംസ്കരണ ശാലയുടെ ഉദ്ഘാടനം നാളെ (29.07.2022) കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. ആദിവാസി ജനവിഭാഗത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി, അട്ടപ്പാടിയുടെ തനത് കാർഷിക സാംസ്കാരിക പൈതൃകം തിരിച്ചു കൊണ്ടുവരുന്നതിനും ആദിവാസി ഗോത്ര സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. മണ്ണാർക്കാട് എം എൽ എ അഡ്വ. എൻ ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഇതിനോടനുബന്ധിച്ച്, പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആദിവാസി കർഷക ഉത്പാദക കമ്പനിയുടെ ഓഹരി പത്രിക വിതരണ ഉദ്ഘാടനം മുൻ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ് സുനിൽകുമാറും, ജൈവ സാക്ഷ്യപത്ര വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകനും നിർവഹിക്കുന്നതാണ്.

2. ഹരിപ്പാട് ബ്ലോക്കിലെ കർഷക സഭയും ഞാറ്റുവേല ചന്തയും നാളെ (ജൂലൈ 29) രാവിലെ 11 മണിക്ക് ഹരിപ്പാട് റവന്യു ടവർ അങ്കണത്തിൽ വെച്ച് ഹരിപ്പാട് എം. എൽ. എ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പ്രസ്തുത പരിപാടിയിൽ പഞ്ചായത്തു തല കർഷക സഭകളിൽ ഉയർന്നു വന്ന പ്രശ്ന പരിഹാര ചർച്ചയും, കാർഷിക ഉൽപ്പന്ന വിപണന മേളയും, വിള ആരോഗ്യ പരിപാലന കേന്ദ്രത്തിന്റെ സേവനവും ഉണ്ടായിരിക്കുന്നതാണ്.

3. പ്രധാനമന്ത്രി ബസൽ ബീമാ യോജനയിലും കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്.

4. നിറപുത്തരി വിളവെടുപ്പുത്സവത്തിന് ആവശ്യമായ നെൽക്കതിരുകൾ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കരമനയിലെ സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ

(IFSRS) ലഭ്യമാണ്. ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള നെൽക്കതിരുകൾക്ക് വിൽപന വില 100 രൂപ. ഈ കാലയളവിൽ ഗവേഷണ കേന്ദ്രത്തിൽ നിന്ന് കതിർക്കുലക്കെട്ടുകൾ (അയർ) വിൽപ്പനയ്ക്ക് ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2343586** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിൽ വിവിധയിനം തൈകളും അലങ്കാരചെടികളും വിൽപ്പനയ്ക്ക്. മുന്തിയ ഇനം **സുവാസിനി** ഇനത്തിൽപ്പെട്ട കറിവേപ്പ്, **പന്നിയൂർ കുരുമുളക്, ആന്തൂറിയം ചെറുത്** എന്നിവയുടെ തൈകൾ കൂടാതെ **കറിവേപ്പ്, വാരിഗേറ്റഡ് ബൊഗൈൻവില്ല, ഗോൾഡൻ പോത്തോസ്, അലോവെര റെഡ്** എന്നിവയുടെ ടിഷ്യുക്കൾച്ചർ തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 8086413467 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ആകെ 11 വിഭാഗങ്ങളിലായാണ് അവാർഡുകൾ. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും 5 അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. വ്യക്തിഗത പുരസ്കാരങ്ങൾക്ക് നേരിട്ട് അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപേക്ഷകളും നാമനിർദ്ദേശങ്ങളും ലഭിക്കേണ്ട അവസാന തീയതി ഈ മാസം 31 (31.07.2022) ആണ്. കൂടുതൽ വിവരങ്ങൾക്കും പ്രൊഫോർമകൾക്കും www.keralabiodiversity.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങളെ 22 രൂപ നിരക്കിലും, പൂവൻകോഴിക്കുഞ്ഞുങ്ങളെ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**8.** സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ 23-നും 35-നും ഇടയ്ക്ക് പ്രായപരിധിയുള്ള ബി.വി.എസ്.സിയോ എം.വി.എസ്.സിയോ വിദ്യാഭ്യാസ യോഗ്യതയുള്ള വെറ്ററിനറി ഡോക്ടർമാരെ ഒരു വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. വിശദമായ ബയോഡേറ്റ ഈ മാസം 30-ന് (ജൂലൈ 30) 5.00 മണിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി

വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടിസി 30/697, പേട്ട, തിരുവനന്തപുരം - 695024 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446364116** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

9. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തി വരുന്നു. ഒരു ദിവസം മുതൽ നാലു ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന ഫോൺ നമ്പരിൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകിട്ട് 5.30 നും ഇടയിൽ ബന്ധപ്പെടാവുന്നതാണ്.

10. കേരളത്തിൽ വയനാട് ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് പാലോടിന്റേയും, ജില്ലാ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിന്റെയും, കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിന്റെയും, പാറശ്ശാല പന്നിവളർത്തൽ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പന്നി വളർത്തൽ കർഷകർക്ക് ഓൺലൈൻ ആയി ഒരു ബോധവൽക്കരണ ക്ലാസ് ഇന്ന് (29-7-22-ന്) ഉച്ചയ്ക്ക് 2.30 ന് സംഘടിപ്പിക്കുന്നു. https://meet.google.com/npt-hbkc-reu എന്ന ലിങ്കുപയോഗിച്ച് ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

11. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് **മാസം 10,11 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 16,17 തീയതികളിൽ ആട് വളർത്തൽ, 22-ന്**

**തീറ്റപ്പുൽകൃഷി, 25,26 തീയതികളിൽ പന്നി വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്റ്റ് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും **മരച്ചീനിയുടെ മൂട് അഴുകൽ രോഗം** രൂക്ഷമായ രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ കൃത്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായുണ്ട്. പ്രശ്ന ബാധിത പ്രദേശങ്ങളിൽ **ബാവിസ്റ്റിൻ** എന്ന കുമിൾ നാശിനി 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ **സാഫ്** (SAAF) 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മരച്ചീനിയുടെ തണ്ടിലൂടെ ഒഴുകി ഇറങ്ങി ചുവട്ടിലെ മണ്ണ് കുതിരും വിധം ഒഴിച്ച് കൊടുക്കേണ്ടതാണ്. മരച്ചീനിയുടെ കമ്പ് നട്ട് രണ്ട് മാസമായ സ്ഥലങ്ങളിൽ ഇതേ ലായനി കലക്കി ചുവട്ടിൽ ഒഴിക്കുകയും ചെയ്യുന്നത് മൂട് ചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിന് സഹായിക്കും. മരച്ചീനിയുടെ കമ്പ് അടുത്ത കൃഷിയ്ക്കായി സൂക്ഷിക്കുന്ന കർഷകർ **കാർബെണ്ടാസിം** 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുത്ത് സൂക്ഷിക്കുന്നതിലൂടെ ഈ കുമിൾ രോഗത്തെ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446093329, 9778764946, 8089392833** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

13. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

തുടർച്ചയായ മഴയും മൂടികെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. അതിനാൽ ഒരു ഏക്കർ പാടശേഖരത്തിന് **2 സിസി ട്രൈക്കൊഗ്രമ്മ കാർഡ്** വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കുപ്പികളിൽ കുത്തിവെക്കുക. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ 2 മില്ലി **ഫ്ളൂബെൻഡയാമിഡ്** 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി **ക്ലോറാൻട്രനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.